LIBRARY ARCHIVES Kerala Legislative Assembly

പ്ലാച്ചിമട നഷ്ടപരിഹാര ട്രൈബ്യൂണൽ ബിൽ

22 (1886) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

2011 ഫെബ്രുവരി 24-ന് കേരള നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ പ്ലാച്ചിമട നഷ്ടപരിഹാര ട്രൈബ്യൂണൽ ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം നേടുന്നതിന് സംസ്ഥാനത്തുനിന്നും അങ്ങയുടെ നേതൃത്വത്തിൽ ഒരു സർവകക്ഷി സംഘം രാഷ്ട്രപതിയെ കണ്ട് നിവേദനം നൽകുന്ന കാര്യം പരിഗണിക്കാമോ ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

കാസർഗോഡ്, വയനാട് ജില്ലകളിലെ എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം

23 (1887) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ്, വയനാട് ജില്ലയിലെ എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയെന്നും റാങ്ക് ലിസ്റ്റ് നിലവിൽ വന്ന ദിവസവും പറയാമോ ;

(ബി) കാസർഗോഡ്, വയനാട് ജില്ലകളിലായി വിവിധ വകുപ്പുകളിൽ എത്ര എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക നിലവിലുണ്ട് എന്നും എത്രപേർ ജോലി ചെയ്യുന്നു എന്നും വകുപ്പു തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ ;

(സി) പ്രസ്തുത ജില്ലകളിൽ 2015 മേയ് 31 വരെ എത്ര എൽ.ഡി ടൈപ്പിസ്റ്റ് തസ്തിക ഒഴിവു വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് എന്ന് വകുപ്പ് തിരിച്ചുള്ള വിവരം അറിയിക്കാമോ ;

(ഡി) ഇത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത തസ്തികയിൽ ഒഴിവ് യഥാസമയം റിപ്പോർട്ട് ചെയ്യാത്തതുമായി ബന്ധപ്പെട്ട് പരാതി ലഭിക്കുകയുണ്ടായോ എങ്കിൽ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത് ?

ഉത്തരം

(എ) രണ്ട് ജില്ലകളിലും 17-5-2012-ന് റാങ്ക് ലിസ്റ്റ് നിലവിൽ വന്നു. വയനാട് ജില്ലയിൽ 19-11-2014 വരെ ആകെ 51 നിയമന ശിപാർശയും കാസർഗോഡ് ജില്ലയിൽ 9-10-2014 വരെ 60 നിയമന ശിപാർശയും നൽകിയിട്ടുണ്ട്.

(ബി-ഇ) വിവരം ശേഖരിച്ചുവരുന്നു.

സ്പോർട്സ് ക്വാട്ട നിയമനം

24 (1888) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 30-10-2014-ലെ G.O.(Rt) No. 8378/2014/GAD ഉത്തരവ് പ്രകാരം സ്പോർട്സ് ക്വാട്ട നിയമനത്തിന് അർഹരായവർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ടോ ; പകർപ്പ് ലഭ്യമാക്കാമോ ;

(ബി) നിയമന ഉത്തരവ് നൽകിയിട്ടില്ലെങ്കിൽ സ്പോർട്സ് ക്വാട്ട നിയമനത്തിന് അർഹരായവരെ ഏതെല്ലാം വകുപ്പിൽ ഏതെല്ലാം തസ്തികകളിലാണ് നിയമിക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) സ്പോർട്സ് ക്വാട്ട നിയമനത്തിന് ഓരോ കായിക വിഭാഗത്തിനും നിശ്ചിത വകുപ്പിൽ നിശ്ചിത തസ്തികകൾ സംവരണം ചെയ്തിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഈ വിഷയത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

(സി) ഇല്ല.

സർക്കാർ ഓഫീസുകളുടെ പ്രവർത്തനം

25 (1889) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സേവനങ്ങൾ കുറ്റമറ്റവിധം എളുപ്പമാക്കുന്നതിനും എന്തെല്ലാം ആധുനിക സൗകര്യങ്ങളാണ് സർക്കാർ ഓഫീസുകളിൽ നിലവിൽ ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് പറയാമോ ; ഇത്തരം സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ എന്നു പരിശോധിക്കുവാനും കേടുപാടുകൾ പരിഹരിക്കുന്നതിനും ഇതിനുവേണ്ട അനുബന്ധ സാമഗ്രികൾ യഥാസമയം ഓഫീസുകളിൽ എത്തിക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്നു പറയാമോ ;

LIBRARY ARCHIVES Kerala Legislative Assembly